**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1874** **09-12-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ കേരള സ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കേരള സ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം എത്ര ഏക്കർ സ്ഥലമുണ്ട്; വിശദ വിവരം നൽകുമോ ; | (എ) | പ്ലാന്റേഷൻ കോർപ്പറേഷൻ കാസർഗോഡ് ജില്ലയിലെ മൂന്ന് എസ്റ്റേറ്റുകളിലായുള്ള സ്ഥലത്തിന്റെ വിവരങ്ങൾ:<br><br>കാസർഗോഡ് എസ്റ്റേറ്റ് : 2065 ഹെക്ടർ (സ്വന്തം ഭൂമി)<br><br>ചീമേനി എസ്റ്റേറ്റ് : 1123.11 ഹെക്ടർ (റവന്യൂ ഭൂമി: 998.11 ഹെക്ടർ. സ്വന്തം ഭൂമി : 125 ഹെക്ടർ);<br><br>രാജപുരം എസ്റ്റേറ്റ് : 1522.68 ഹെക്ടർ;<br><br>**ആകെ: 4710.79 ഹെക്ടർ ഭൂമി.** |
| (ബി) | പ്രസ്തുത സ്ഥലത്ത് എന്തൊക്കെ കൃഷി ചെയ്യുന്നു; ഓരോ കൃഷിയിൽ നിന്നുമുള്ള ശരാശരി വാർഷിക വരുമാനം എത്രയാണെന്ന് വിശദമാക്കുമോ; | (ബി) | കാസർഗോഡ് ജില്ലയിലെ പി.സി.കെ.യുടെ എസ്റ്റേറ്റുകളിൽ റബർ, കശുമാവ് എന്നിവയാണ് കൃഷി ചെയ്യുന്നത്. കാസർഗോഡ് എസ്റ്റേറ്റിലെ റബ്ബർ ഉൽപ്പാദനത്തിൽ നിന്നുള്ള ശരാശരി വാർഷിക വരുമാനം 99 ലക്ഷം രൂപയാണ്. ചീമേനി എസ്റ്റേറ്റിൽ റബ്ബർ വരുമാനം ആരംഭിച്ചിട്ടില്ലാത്തതാകുന്നു. ഈ എസ്സ്റ്റേറ്റുകളിൽ ഉൽപ്പാദനം ചെയ്യുന്ന കശുവണ്ടിയിൽ നിന്നുള്ള ശരാശരി വാർഷിക വരുമാനം മൂന്ന് കോടി രൂപയാണ്. |
| (സി) | പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ഒരു വർഷത്തെ ശരാശരി ചെലവ് എത്രയാണ്; | (സി) | പ്ലാന്റേഷൻ കോർപ്പറേഷനിലെ കാസർഗോഡ് ജില്ലയിലെ എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കുമായി ശമ്പളവും മറ്റു ചെലവുകൾക്കുമായി വരുന്ന ഒരു വർഷത്തെ ശരാശരി ചെലവ് 5,07,87,000/- രൂപയാണ്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ ; വിശദാംശം അറിയിക്കാമോ? | (ഡി) | വരുമാനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ പി.സി.കെ.യുടെ പരിഗണനയിലാണ്:<br><br>i) പഴയതും, ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ കശുമാവ് മരങ്ങൾ മുറിച്ചുമാറ്റിക്കൊണ്ട് |

| | | | |
|---|---|---|---|
| | | | അത്യുൽപ്പാദന ശേഷിയുള്ള തൈകൾ നട്ടുന്നതിനുള്ള പദ്ധതി.<br><br>ii) കോർപ്പറേഷന്റെ കാസർഗോഡ്, ചീമേനി എസ്റ്റേറ്റുകളിലെ ചില ഭാഗങ്ങൾ വെട്ടുകൽ പ്രദേശമായതിനാൽ, ആയത് കൃഷിക്ക് അനുയോഗ്യമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.<br><br>iii) കശുവണ്ടി പ്രോസസിംഗ് ഫാക്ടറി ആരംഭിക്കുക.<br><br>iv) കശുമാങ്ങയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായുള്ള പദ്ധതി<br><br>v) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കോർപ്പറേഷൻ ജീവനക്കാരെയും തോട്ടങ്ങളേയും പരിരക്ഷിക്കുന്നതിനായി ഏകദേശം 200 കി.മീ. വൈദ്യുതി വേലി നിർമ്മിക്കുന്നതിനുള്ള പദ്ധതി. |

സെക്ഷൻ ഓഫീസർ